# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1105 20.01.2014 -ലെ മറുപടിക്ക്.**

**ഹയർ സെക്കന്ററി വിദ്യാഭ്യാസ പഠന കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാഭ്യാസത്തെ സംബന്ധി ച്ച് പഠനം നടത്തുന്ന തിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനായി പ്രൊഫ. പി.ഒ.ജെ. ലബ്ബ ചെയർമാനായും ശ്രീ.ജോർജ്ജ് ഓണക്കൂർ, ശ്രീ.കെ.ജി. സുകുമാരപിള്ള എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ കമ്മീഷൻ റി പ്പോർട്ട് സർക്കാ രിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചത്; | (ബി) | പ്രൊഫ. പി.ഒ.ജെ. ലബ്ബ ചെയർമാനായ കമ്മിറ്റി 16/04/2013 -ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | റി പ്പോർട്ടിലെ പ്രധാന ശുപാർശകൾ എ ന്തൊക്കെയാണ്; | (സി) | റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത റി പ്പോർട്ടിന്മേൽ സർക്കാർ എ ന്തൊക്കെ നടപടികൾ സ്വീകരിച്ചി ട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ? | (ഡി) | റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

## കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് പ്രൊഫ. പി.ഒ.ജെ.ലബ്ബ ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട്

### ശുപാർശകൾ

ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി
പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ എന്നിവയുടെ പരിഷ്കരണം

1 ഹയർ സെക്കന്ററി തലത്തിൽ അഞ്ചുവർഷത്തിൽ അധികമായി നിലനിൽക്കുന്ന പാഠ്യപദ്ധതിയും സിലബസും പാഠപുസ്തങ്ങളും അടിയന്തിരമായി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പരിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ആവശ്യമായിരിക്കുന്നു.

2 വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ കാലോചിതമല്ലാത്ത പാഠ്യപദ്ധതിയും സിലബസും പാഠപുസ്തകങ്ങളും അടിയന്തിരമായി പരിഷ്കരിക്കേണ്ടതാണ്. അഞ്ച് വർഷത്തിൽ അധികമായി നിലനിൽക്കുന്ന സിലബസും പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അടുത്ത അക്കാദമിക വർഷം തന്നെ പരിഷ്കരിക്കേണ്ടതാണ്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന പുതിയ പാഠ്യപദ്ധതിയും പുസ്തകങ്ങളും പുതുതായിത്തന്നെ തയ്യാറാക്കേണ്ടതാണ്.

3 വൊക്കേഷണൽ വിഷയങ്ങളുടെ പ്രത്യേക പ്രാധാന്യം കണക്കിലെടുത്ത് അവയുടെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ വേണ്ടി താഴെ പറയുന്ന പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പ്രത്യേക വിദഗ്ധ സമിതി അടിയന്തിരമായി രൂപീകരിക്കേണ്ടതും സമയബന്ധിതമായി പരിഷ്കരണം പൂർത്തീകരിക്കേണ്ടതുമാണെന്ന് ശുപാർശ ചെയ്യുന്നു.

സമിതി അംഗങ്ങൾ

- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ / പ്രതിനിധി
- എംപ്ലോയിമെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ / പ്രതിനിധി
- പണ്ഡിറ്റ് സുന്ദർലാൽ ശർമ്മ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ, ഭോപ്പാൽ (PSSCIVE) ജോയിന്റ് ഡയറക്ടർ / പ്രതിനിധി
- കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് പ്രതിനിധി
- വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ / പ്രതിനിധി
- കേരള ആഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ഡയറക്ടർ ഓഫ് റിസർച്ച് / പ്രതിനിധി
- കിറ്റ്സ്, പ്രിൻസിപ്പൾ / പ്രതിനിധി
- വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ വൊക്കേഷണൽ അധ്യാപകരിൽനിന്ന് സർക്കാർ നിർദ്ദേശിക്കുന്ന ഒരു പ്രതിനിധി

4 വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ കാലോചിതമായി സിലബസ് പരിഷ്കരണവും പാഠ്യപദ്ധതി നവീകരണവും നടപ്പിലാക്കാതെ കാലഹരണപ്പെട്ട സിലബസ് അനുസരിച്ച് തയ്യാറാക്കപ്പെട്ട പഠനഗ്രന്ഥങ്ങൾ സ്വീകാര്യമല്ലെന്ന് കമ്മിറ്റി അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം വ്യക്തമാക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധ പുലർത്തേണ്ടതാണ്.

5 Polytechnic ന്റെ II[nd] year ലേക്ക് VHSE കോഴ്സ് കഴിഞ്ഞവർക്ക് lateral entry നൽകാവുന്നതാണ്.

ആഴ്ചയിൽ അഞ്ചു പ്രവൃത്തി ദിവസം

6 ഹയർസെക്കന്ററിയിൽ ഒരാഴ്ചയിൽ അഞ്ച് പ്രവൃത്തി ദിവസങ്ങളായി പുനഃക്രമീകരിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. അതനുസരിച്ച് ടൈംടേബിൾ പുനഃക്രമീകരണം നടത്തേണ്ടതാണ്.

7 തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമായി വിദ്യാർത്ഥികൾക്ക് നൽകുന്നതിന് അഞ്ച് ദിവസം പര്യാപ്തമല്ല എന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ വൊക്കേഷണൽ ഹയർസെക്കന്ററിയിൽ നിലവിലുള്ള അധ്യയന സമയത്തിൽ കുറവു വരുത്താതെ ആഴ്ചയിൽ ആറ് ദിവസം അധ്യയനം നടക്കത്തക്ക രീതിയിൽ തൊഴിൽ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി ഇപ്പോഴത്തെ അവസ്ഥ കൂടുതൽ ഫലപ്രദമാകുംവിധം തുടരേണ്ടതാണ്.

8 ഇതിനുള്ള അവസരം സംജാതമാക്കുന്നതിനും മറ്റ് അധ്യാപകരെ അപേക്ഷിച്ച് കൂടുതൽ ജോലിഭാരം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടി വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ അധ്യാപകർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും ആറ് സാധ്യായ ദിവസങ്ങളിൽ ഒരു ദിവസം 'ഓഫ്' അനുവദിക്കാവുന്നതാണ്.

9 On The Job Training ന്റെ കാലയളവ് രണ്ട് മാസമായി വർദ്ധിപ്പിക്കണം. OJT ഒരു മാസം കോഴ്സിന്റെ മധ്യത്തിലും ഒരു മാസം കോഴ്സിന്റെ അവസാനവും നൽകണം. OJT വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രമായിരിക്കും കോഴ്സ് സർട്ടിഫിക്കറ്റ് ലഭിക്കുക. OJT ക്കാവശ്യമായ സ്ഥാപനങ്ങൾ സജ്ജമാക്കണം. അധ്യാപകരുടെ മേൽനോട്ടത്തിലായിരിക്കണം OJT നടക്കേണ്ടത്.

ഹയർ സെക്കന്ററി പരീക്ഷയിൽ മാറ്റം നടപ്പാക്കൽ

10 പൊതു പരീക്ഷ ഒഴിവാക്കി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ഏകീകൃതമായി തയ്യാറാക്കുന്ന ചോദ്യപേപ്പറിന്റെ അടിസ്ഥാനത്തിൽ 11-ാം ക്ലാസിലെ വാർഷിക പരീക്ഷ സ്കൂൾ തലത്തിൽ നടത്താവുന്നതാണ്.

കുട്ടികളുടെ ബാഹുല്യത്തിന് പരിഹാരം

11 ഒരു ബാച്ചിൽ 1:40 എന്ന രീതിയിൽ അധ്യാപക വിദ്യാർത്ഥി അനുപാതം ക്രമീകരിക്കേണ്ടതാണ്. ഒരു ബാച്ചിൽ 50 കുട്ടികളിൽ കൂടുതൽ ആയാൽ പുതിയ ബാച്ചായി പരിഗണിക്കേണ്ടതാണ്.

ഉത്തരക്കടലാസിന്റെ ഇരട്ട മൂല്യനിർണയരീതി പുനഃക്രമീകരിക്കൽ

12 ഇപ്പോൾ ചില വിഷയങ്ങൾക്ക് നിലവിലുള്ള ഇരട്ടമൂല്യനിർണ്ണയന രീതി ഒഴിവാക്കി പകരം എല്ലാ വിഷയങ്ങളുടേയും 25% ഉത്തരക്കടലാസുകൾ കേന്ദ്രീകൃത ക്യാമ്പിൽ വച്ചുതന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്.

അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തൽ

13 ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിലെ അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുന്നതിനും എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് വിഭാഗം (ക്യു.ഐ.സി) രൂപീകരിക്കേണ്ടതാണ്.

14 കുട്ടികളുടെ പഠനം കാര്യക്ഷമമായി നടക്കുന്നുവെന്നും അക്കാദമിക സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നുവെന്നും ഓരോ സ്കൂളിന്റെയും അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമാണെന്നും നിരീക്ഷിച്ച് വിലയിരുത്തുന്നതിന് ഡയറക്ടറേറ്റ് / റീജിയണൽ ഡയറക്ടറേറ്റ് തലങ്ങളിൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കേണ്ടതാണ്.

15 യു.ജി.സി. പദ്ധതി അനുസരിച്ച് കോളേജ് തലത്തിൽനടക്കുന്ന അക്രഡിറ്റേഷൻ (National Assessment and Accreditation Council) മാതൃകയിൽ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളെയും ഗ്രേഡിംഗിന് വിധേയമാക്കാവുന്നതാണ്. ഇത് സ്കൂളുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും മത്സര ബുദ്ധിയോടെ ഉയർന്ന് വരുന്നതിനും അവസരം ഒരുക്കുന്നതാണ്.

16 ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ അക്കാദമിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി എസ്.സി.ഇ.ആർ.ടി യിൽ ഒരു പ്രത്യേക ഹയർ സെക്കന്ററി അക്കാദമിക വിഭാഗം രൂപീകരിക്കേണ്ടതാണെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

17 സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനുള്ളിൽ രണ്ട് അക്കാദമിക പരിശീലന പരിപാടിയിൽ നിർബന്ധമായും അധ്യാപകർ പങ്കെടുക്കേണ്ടതാണ്. തുടർന്നുള്ള സർവ്വീസ് കാലഘട്ടത്തിനുള്ളിൽ രണ്ട് അധ്യാപക പരിശീലന പരിപാടിയിൽക്കൂടി പങ്കെടുക്കേണ്ടതാണ്.

ഹയർ സെക്കന്ററി പ്രിൻസിപ്പലിന്റെ അധ്യാപന ജോലി ലഘൂകരിക്കൽ

18 ഹയർസെക്കന്ററി പ്രിൻസിപ്പലിന്റെ അധ്യാപന ജോലി ആഴ്ചയിൽ പരമാവധി 6 മണിക്കൂറായി നിജപ്പെടുത്തി ടൈംടേബിൾ പുനഃക്രമീകരിക്കേണ്ടതാണ്.

വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പരിശീലനം നൽകൽ

19 വിവര വിനിമയ സാങ്കേതിക മേഖലയിലെ അനന്തസാദ്ധ്യതകൾ ക്ലാസ് മുറികളിൽ പ്രതിഫലിക്കേണ്ടതുണ്ട്. ഹയർ സെക്കന്ററി അധ്യാപകരെ ഇതിലേക്കായി ശാക്തീകരിക്കണം. വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പരിശീലനം ക്രാഷ് കോഴ്സായി നൽകേണ്ടതാണ്.

ഹയർ സെക്കന്ററി തലത്തിൽ കായിക ആരോഗ്യ വിദ്യാഭ്യാസം നടപ്പിലാക്കൽ

20 വിദ്യാർത്ഥികളുടെ സർവ്വതോമുഖ വികസനം ലക്ഷ്യമിടുന്ന വിദ്യാഭ്യാസ പദ്ധതിയിൽ കായിക ആരോഗ്യ വിദ്യാഭ്യാസത്തിന് അർഹമായ സ്ഥാനം നൽകേണ്ടതുണ്ട്. അതനുസരിച്ച് പാഠ്യപദ്ധതി പുനഃക്രമീകരിക്കണം. കായിക ആരോഗ്യ വിദ്യാഭ്യാസം കാര്യക്ഷമമാക്കുകയും അതിനാവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

ഹയർ സെക്കന്ററി തലത്തിൽ കലാവിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ

21 ഹയർസെക്കന്ററി മേഖലയിൽ ചില സ്കൂളുകളിലെങ്കിലും കല ഒരു വിഷയമായി പഠിപ്പിക്കുകയും അതില്ലാത്ത സ്കൂളുകളിൽ ആവശ്യാനുസരണം പി.റ്റി.എ യുടെ സഹായത്തോടു കൂടി താത്കാലിക അടിസ്ഥാനത്തിൽ പ്രത്യേക അധ്യാപകരെ നിയമിച്ച് കലാ പഠനത്തിനും പരിശീലനത്തിനും പ്രോത്സാഹനം നൽകേണ്ടതാണ്.

ഉയർന്ന ബിരുദം കൈവരിക്കുന്ന അധ്യാപകർക്ക് പ്രത്യേക ഇൻക്രിമെന്റ് നൽകൽ

22 ഉന്നത വിദ്യാഭ്യാസ മേഖലയിൽ നൽകുന്നതുപോലെ തുടർ പഠനം പ്രോത്സാഹിപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനും ഹയർ സെക്കന്ററി അധ്യാപകരിൽ ഗവേഷണ ബിരുദമുള്ളവർക്ക് (പിഎച്ച്.ഡി) രണ്ട് ഇൻക്രിമെന്റ് നൽകാവുന്നതാണ്.

സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് കാലോചിതമായി പരിഷ്കരിക്കൽ

23 ഹയർ സെക്കന്ററി അധ്യാപകരുടെ യോഗ്യതാ നിർണ്ണയ പരീക്ഷയായ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് കാലോചിതമായി പരിഷ്കരിക്കുകയും മികവുള്ള അധ്യാപകരെ തിരഞ്ഞെടുക്കുന്നതിന് ഉതകുന്ന അഭിരുചിപരീക്ഷാരീതിയിൽ മാതൃകാ ചോദ്യങ്ങൾ തയ്യാറാക്കി ടെസ്റ്റ് കുറ്റമറ്റതാക്കുന്നതിനുള്ള എല്ലാ അക്കാദമിക പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി നടത്തേണ്ടതാണ്.

രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസും
കൗൺസലിംഗും ഏർപ്പെടുത്തൽ

24 ആരോഗ്യകരമായ ഒരു കൗൺസലിംഗ് സമ്പ്രദായം വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഏർപ്പെടുത്തേണ്ടതാണ്.

മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനായി
പ്രത്യേക മേഖലകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ

25 കാലോചിതമായ സാംസ്കാരിക ബോധം വളർത്തുന്നതിന് താഴെ പറയുന്ന മേഖലകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും അതിന് അനുസരണമായി പഠന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും വേണം.

- പൗരധർമ്മം
- പരിസ്ഥിതി സംരക്ഷണം
- ഊർജ്ജ – ജല മാനേജ്മെന്റ്
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ
- സൗഹൃദ വിദ്യാഭ്യാസം
- റോഡ് സുരക്ഷ സംവിധാനം
- ലിംഗ നീതി ഉറപ്പാക്കൽ
- ഡിസാസ്റ്റർ മാനേജ്മെന്റ്
- കുട്ടികളുടെ അവകാശ സംരക്ഷണം

**ഹയർ സെക്കന്ററി തലത്തിൽ കൂടുതൽ മേഖലാ ആഫീസുകൾ അനുവദിക്കൽ**

26 ജില്ലാതലഭരണ സംവിധാനം കൂടുതൽ ഫലപ്രദവും, കാര്യക്ഷമവുമാക്കുന്നതിലേക്ക് ഓരോ ജില്ലയ്ക്കും പ്രത്യേക ആഫീസ് സംവിധാനം ആവശ്യമാണ്. തത്ക്കാലം രണ്ട് ജില്ലയ്ക്ക് ഒരു റീജിയണൽ ഓഫീസ് എന്ന രീതിയിൽ പുനഃസംവിധാനം ചെയ്യണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

**ഹയർ സെക്കന്ററി സ്കൂളുകൾക്ക് ഓരോ ക്ലാർക്ക്, പ്യൂൺ തസ്തികകൾ അനുവദിക്കൽ**

27 ഹയർസെക്കന്ററി സ്കൂളുകളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് ഓരോ സ്കൂളിനും ഒരു ക്ലർക്ക്, ഒരു പ്യൂൺ എന്നീ തസ്തികകൾ അനുവദിക്കേണ്ടതുണ്ട്.

**ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ)ക്ക് പ്രമോഷൻ നൽകുന്നത് സംബന്ധിച്ച്.**

28. യോഗ്യതയും പ്രൊഫഷനിലുള്ള വികസനവും കണക്കിലെടുത്ത് ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) ആയി അഞ്ച് വർഷം സേവനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവരെ ഹയർസെക്കന്ററി ടീച്ചർ ആയി പ്രമോട്ട് ചെയ്യാവുന്നതാണ്.

**ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് സ്ഥിര ഭരണ സംവിധാനം ഏർപ്പെടുത്തൽ**

29 ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് സ്വതന്ത്രനിലനിൽപ്പും പ്രത്യേക സ്റ്റാഫും ഉണ്ടായിരിക്കേണ്ടതാണ്.

30 നിശ്ചിത യോഗ്യതയുള്ള ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് പ്രമോഷൻ ലഭിക്കുന്നതിന് വ്യവസ്ഥ നൽകി ജോയിന്റ് ഡയറക്ടർ വരെ നിയമനം ലഭിക്കാൻ അർഹതയുണ്ടാകണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഇതിനാവശ്യമായ വ്യവസ്ഥകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തേണ്ടതാണ്.

**മുനിസിപ്പൽ – കോർപ്പറേഷൻ പരിധിയിൽ വരുന്ന ഫണ്ട് ലഭ്യമാക്കൽ**

31 ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന സ്കൂളുകൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഫണ്ട് ലഭ്യമാകുന്നതുപോലെ മുനിസിപ്പൽ– കോർപ്പറേഷൻ പരിധിയിൽ വരുന്ന സ്കൂളുകൾക്കുകൂടി ഫണ്ട് ലഭ്യമാക്കേണ്ടതാണ്.

**പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച്**

32 പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുമ്പോൾ സുഗമമായ അധ്യാപനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും മറ്റു ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്.

ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിലൂടെ ഹയർ സെക്കന്ററി അധ്യാപകർക്ക് നഷ്ടപ്പെട്ട ശമ്പള സ്കെയിൽ തുല്യത പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്

33 ഇതുമായി ബന്ധപ്പെട്ട അപാകത അടിയന്തിരമായി പരിഹരിച്ച് മറ്റു തസ്തികകൾക്കു സമാനമായ സ്കെയിൽ അനുവദിക്കണമെന്ന് ശുപാർശചെയ്യുന്നു.

എച്ച്.എസ്.എ. ഹയർ ഗ്രേഡ് ലഭിച്ച ശേഷം ഉയർന്ന തസ്തികയായ ഹയർ സെക്കന്ററി ജൂനിയർ തസ്തികയിലേക്ക് പി.എസ്.സി. മുഖേന സെലക്ഷൻ വഴി ജോലി നേടിയതു മൂലം ശമ്പളത്തിൽ നഷ്ടം വരുന്ന പരാതി സംബന്ധിച്ച്.

34 കെ.എസ്.ആർ പാർട്ട് 1 ലെ റൂൾ 37 (ബി) ആയി ഉൾപ്പെടുത്തിയിരിക്കുന്ന ഭേദഗതി പിൻവലിച്ച് ഇത് പരിഹരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്കുള്ള പ്രമോഷൻ സംബന്ധിച്ച്.

35 നിശ്ചിതയോഗ്യത നേടിയ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് പ്രമോഷൻ വഴി നിയമിക്കപ്പെടാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു.

Pandiy